(ഡി) ഇപ്പോൾ ഗവൺമെണ്ടു സർവ്വീസിലുള്ള ഉദ്യോഗസ്ഥന്മാരിൽ ഏറ്റവും അധികം ടെസ്റ്റുകൾ പാസ്സായിട്ടുള്ളവർ ആരെല്ലാമെന്നും അവർ ഓരോരുത്തരും ഏതെല്ലാം ടെസ്റ്റുകൾ ഏതെല്ലാം ക്ലാസ്സുകളിലാണു പാസ്സായിട്ടുള്ളതെന്നും പറയാമോ;

(ഇ) കഴിഞ്ഞ ടെസ്റ്റു പരീക്ഷകളുടെ ചോദ്യക്കടലാസ്സുകൾ ഉണ്ടാക്കിയവരിൽ ചിലർ ഉപവകുപ്പിന്റെ മറപടിയിൽ പുറയുന്നവരിൽ ആരെങ്കിലും ഉണ്ടായിരുന്നുവോ; ഉണ്ടായിരുന്നെങ്കിൽ അവർ ആരെല്ലാമായിരുന്നു?

മിസ്റ്റർ പി. വി. റാഫേൽ:

(എ) സർക്കാരിൽനിന്നും നിയമിക്കുന്ന ഉദ്യോഗസ്ഥന്മാർ. വില്ലേജ് കോട്ട് പരീക്ഷക്കു ബാർ കൌൺസിൽ ആണു ചോദ്യക്കടലാസ്സു ഉണ്ടാക്കുന്നതു്.

(ബി) ഡിവാൻ (Vide S. O. 277.)

(സി) അറിവും പരിചയവും.

(ഡി) ഇ ഠ ക. യിൽ മീതെയുള്ളവരുടെ വിവരം സിവിൽ ലിസ്റ്റുകളിൽ ചേത്തിട്ടുണ്ടു്.

(ഇ) എല്ലാവരും വേണ്ടതായിട്ടുള്ള അറിവും പരിചയവും ഉള്ളവരായിരുന്നു. പരീക്ഷകരുടെ പേരു പ്രസിദ്ധീകരിക്കുന്നതു് പൊതു താല്പര്യങ്ങൾക്കു് യോജിച്ചതല്ല.

NELLIAMPATHI HILLS—VEGETABLE CULTIVATION

234. മിസ്റ്റർ കെ. എസ്സ്. പണിക്കർ: (എ) നെല്ലിയാമ്പതി മലയിൽ ഗവൺമെണ്ടിൽ നിന്നു ഇടങ്ങിട്ടുള്ള പച്ചക്കറിത്തോട്ട സംരക്ഷണാവശ്യത്തിലേക്കും മറ്റുമായി പണിയിച്ചു കെട്ടിടങ്ങൾക്കു ക ക ഠ മിഥുനം ന ഠ-ാംതീയതിവരെ ആകെ എത്ര ഉറപ്പിക ചിലവായിട്ടുണ്ടു്;

(ബി) പ്രസ്തുത കെട്ടിടങ്ങൾ പണിയിച്ചതു കരാറു പ്രകാരമൊ ഗവൺമെണ്ടിൽനിന്നു ഡിപ്പാർട്ടുമെണ്ടു് വഴിയായിട്ടൊ;

(സി) കരാറുപ്രകാരമായിരുന്നെങ്കിൽ കരാറുകാർ ആരെല്ലാമായിരുന്നു; കരാർ നിശ്ചയങ്ങൾ എന്തെല്ലാം;

(ഡി) ഈ പണികളുടെ സൂപ്പർവിഷ്യൻ ആരെല്ലാമായിരുന്നു;

(ഇ) ഈ പണികൾ ചെക്കുമെഷർ ചെയ്തതു് ആരാണു്;

(എഫ്) ഈ പണികൾക്കു വേണ്ട സാമാനങ്ങൾ (materials) കൊടുക്കുവാൻ പ്രത്യേകം വല്ല കരാറുകാരും ഉണ്ടായിരുന്നുവോ; ഉണ്ടായിരുന്നുവെങ്കിൽ ആരെല്ലാം;

(ജി) പ്രസ്തുത തോട്ടത്തിലെ ഏതെങ്കിലും പണികൾ ടെണ്ടർ പ്രകാരം നടത്തിയിട്ടുണ്ടോ; ഗസറ്റിൽ ടെണ്ടർ പരസ്യം ചെയ്തിരുന്നുവോ;

(എച്ച്) ഈ പണികൾ എല്ലാം ഏല്പിച്ചതും നടത്തിച്ചതും ബഹുമാനപ്പെട്ട ഗ്രാമോദ്ധാരണ മന്ത്രിയായിരുന്ന മിസ്റ്റർ ടി. കെ. നായരുടെ പ്രത്യേക മേൽനോട്ടത്തിലായിരുന്നുവോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: (എ) ക. ൻ ഒ, ർ ൻ ൻ— ക ന— ഠ.

(ബി) ഡിപ്പാർട്ടുമെണ്ടു വഴിയായിട്ടു്.

(സി) മൻ ഉത്തരം നോക്കുക.

(ഡി) സ്പെഷ്യൽ ഓവർസീയരും പഞ്ചായത്തു അസിസ്റ്റാണ്ടു് എഞ്ചിനീയരും.

(ഇ) ചെക്കുമെഷർ ചെയ്ത കഴിഞ്ഞിട്ടില്ല.

(എഫ്) ഇല്ല.

(ജി) കെട്ടിടങ്ങളുടെ പണികളെ സംബന്ധിച്ചു ഓരോ ജാതി പണികളും അവിടങ്ങളിലെ പണിക്കാരെകൊണ്ടു ചില ചില്ലറ കരാറുകൾ അനുസരിച്ചു ഏല്പിച്ചിട്ടുണ്ടു്. "കൊട്ടേഷൻ" (Quotation) വാങ്ങിച്ചു ഏറ്റവും ചുരുങ്ങിയ നിരക്കിലാണു് ആ വക പണികൾ ഏല്പിച്ചിട്ടുള്ളതു്. ഗസറ്റിൽ പ്രസിദ്ധം ചെയ്തിട്ടില്ല.

(എച്ച്) അല്ല.

L. C. PROCEEDINGS—PRINTING OF

235. Mr. P. Kumaran Ezhuthassan *(Vadakkancheri):* Will Government be pleased to state.—

(a) have the Proceedings of the Legislative Council in 1120 been all published;

LIBRARY ARCHIVES Kerala Legislative Assembly

(*b*) if not wholly published how far have the Government gone on with the work;
(*c*) what is the reason for not publishing the whole of the Proceedings of 1120 as yet ?

Mr. B. V. K. Menon *(Secretary to Government)*: (*a*) No.
(*b*) No part has been published yet.
(*c*) The delay was due to the very heavy pressure of urgent work in the Government Press in connection with the publication of the Preliminary and Final Electoral Rolls, the General Elections, the Publication of "Control Measures" and other urgent works. Arrangements have, however, been made to publish all the previous Proceedings shortly.

ADVOCATES WITH MORE THAN 10 YEARS SERVICE AT THE BAR IN OFFICIATING AND TEMPORARY SERVICE

236. മിസ്റ്റർ സി. എൻ. ഇട്ടിരവി നമ്പൂതിരി: താഴെ പറയുന്ന ചോദ്യങ്ങൾക്ക ഗവർമ്മെണ്ട് സദയം മറുപടി പറയുമോ.—

(എ) ഫ ം കൊല്ലത്തിലധികം വക്കീലായി പ്രാക്ടീസ് ചെയ്ത എത്ര പേർ ഇന്ന് ഗവർമ്മെണ്ടിന്റെ ഒഫിഷ്യേറ്റിംഗ് ആൻറ് ടെമ്പററി സർവ്വീസിലുണ്ട് ;

(ബി) അവരെ തരമുള്ളതും നിയമപരിജ്ഞാനം ആവശ്യമായ സ്ഥിരം ഒഴിവുകളിലേക്ക് നിയമിക്കേണ്ടതാണെന്ന് ഗവർമ്മെണ്ടിന്ന് അഭിപ്രായമുണ്ടോ;

(സി) അസിസ്റ്റാണ്ട് ദിവാൻപേഷ്കാർ മിസ്റ്റർ കുമാരനച്ചന്റെ ഉദ്യോഗകാലാവധി അവസാനിക്കുന്ന ഘട്ടത്തിൽ അദ്ദേഹത്തെ ഗവർമ്മെണ്ട് എന്തു ചെയ്യാനാണ് തീർച്ചയാക്കീട്ടുള്ളത് ?

മിസ്റ്റർ ബി. വി. കെ. മേനോൻ: (എ) ന.

(ബി) ഉവ്വ്.

(സി) ഇപ്പോഴത്തെ ഓർഡർപ്രകാരം സ്പെഷൽ അസിസ്റ്റാണ്ട് മിസ്റ്റർ കുമാരനച്ചന്റെ ഉദ്യോഗകാലാവധി അവസാനിക്കുന്നത് ഫ ഫ ഫ മകരം അവസാനത്തിലാണ്. സ്ഥിരം ഒഴിവുകളിൽ ആളുകളെ നിയമിക്കുമ്പോൾ മിസ്റ്റർ അച്ചന്റെ കാര്യവും ആലോചിക്കുന്നതാണ്.

LABOUR DISPUTES—PARTICULARS REGARDING

237. മിസ്റ്റർ പി. കെ. ഡീവർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക സദയം മറുപടി നൽകുമോ.—

(എ) കൌൺസിലിയേഷൻ ആഫീസ്സറും കൂടിയായ ലേബർ കമ്മീഷണരുടെ മുമ്പാകെ ഫ ഫ വ, ഫ ഫ ൻ, ഫ ഫ ഠ ം ഈ വർഷങ്ങളിൽ എത്ര തൊഴിൽതർക്കങ്ങൾ എത്തിയിട്ടുണ്ട് ; അവ എതെല്ലാം തൊഴിൽസ്ഥാപനങ്ങളെ സംബന്ധിച്ചാണ് ;

(ബി) അവയിൽ എത്രയെണ്ണം രമ്യതയിൽ പറഞ്ഞവസാനിപ്പിച്ചിട്ടുണ്ട് ;

(സി) മട്ടാഞ്ചേരിയിലും പള്ളുരുത്തിയിലുമുള്ള ഓയിൽമില്ലുകളിൽ ദിവസത്തിൽ ൻ മണിക്കൂറിൽ കൂടുതലായി പണിയെടുപ്പിക്കുന്നതിനെ സംബന്ധിച്ച വല്ല ആക്ഷേപവും ഗവർമ്മെണ്ടിലേക്ക് ലഭിച്ചിട്ടുണ്ടോ ;

(ഡി) പല ഓയിൽമില്ലുകളിലും കൂലിനിരക്കിനെപ്പറ്റിയുള്ള പട്ടിക വെച്ചിട്ടില്ലെന്ന് ആക്ഷേപം ലഭിച്ചിട്ടുണ്ടോ ;

(ഇ) ഈ ആക്ഷേപങ്ങളെപ്പറ്റി വല്ല അന്വേഷണവും നടത്തിയിട്ടുണ്ടോ ?

മിസ്റ്റർ സി. ജെ. മാത്യു: (എ) ഫ ഫ വ — ഠ ള.
ഫ ഫ ൻ — ഫ ഫ.
ഫ ഫ ഠ ം — ഫ ന്യ.

ബീഡിതൊഴിലാളികൾ, എണ്ണക്കമ്പനി തൊഴിലാളികൾ, മരക്കമ്പനി തൊഴിലാളികൾ, ഓട്ടുകമ്പനി തൊഴിലാളികൾ, നെയ്ത്തുകമ്പനി തൊഴിലാളികൾ ഇവരെ സംബന്ധിച്ച തർക്കങ്ങളാണ്. ഇവയോടനുബന്ധമുള്ള തൊഴിൽ സ്ഥാപനങ്ങളുടേയും യൂണിയനുകളുടേയും ഒരു പട്ടിക മേശപ്പുറത്തു വെച്ചിരിക്കുന്നു.

(ബി) എല്ലാം രമ്യതയിൽ പറഞ്ഞവസാനിപ്പിച്ചിട്ടുണ്ട്.

(സി) ഉണ്ട്. പള്ളുരുത്തിയിലെ ഓയിൽമില്ലുകളിൽ ദിവസത്തിൽ ൻ മണിക്കൂറിൽ കൂടുതലായി പണിയെടുപ്പിക്കുന്നുണ്ടെന്ന് ആക്ഷേപം കിട്ടിയിരുന്നു. എന്നാൽ ഫാക്ടറി ഇൻസ്പെക്ടർ തുടർന്ന് അന്വേഷിച്ചതിൽ ആക്ഷേപം അടിസ്ഥാനരഹിതമെന്നു കണ്ടെത്തി.

LIBRARY ARCHIVES Kerala Legislative Assembly